## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6038 28.10.11 ൽ മറുപടിക്ക്

### കെട്ടികിടക്കുന്ന റേഷൻ കാർഡ് അപേക്ഷകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി. ചെന്താമരാക്ഷൻ | | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) സിവിൽ സ്പ്ലൈസ് ഓഫീസുകളിൽ റേഷൻ കാർഡിനുള്ള അപേക്ഷകൾ കെട്ടികിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് വിവിധ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിലായി കെട്ടികിടന്ന റേഷൻ കാർഡിനായുള്ള 3,13 ലക്ഷം അപേക്ഷകൾ ഉൾപ്പെടെ 5.72 ലക്ഷം അപേക്ഷകൾ 2011 ആഗസ്റ്റ് മാസത്തിൽ തീർപ്പാക്കിയിരുന്നു. ആയതിന് ശേഷം മതിയായ രേഖകളോടുകൂടി ലഭിക്കുന്ന അപേക്ഷകൾ അന്നന്നുതന്നെ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കാർഡിനായുള്ള അപേക്ഷയിൽ ആവശ്യമായ രേഖകൾ ഇല്ലാത്തതും അപേക്ഷയിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമായതുമായ അപേക്ഷകൾ ഒരാഴ്ചയ്ക്കുള്ളിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ